" ഭരണഭാഷ – മാതൃഭാഷ "

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 04-03-2014

## സർക്കുലർ 28 / 2014

വിഷയം: ഉപയോഗിക്കാത്ത മുദ്രപ്പത്രങ്ങളുടെ വില റീഫണ്ട് ചെയ്യുന്നത് – സ്റ്റാമ്പ് വെണ്ടർമാർക്കും എക്സ് ഒഫീഷ്യോ സ്റ്റാമ്പ് വെണ്ടർമാർക്കും നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്

സൂചന: സെക്രട്ടറി നികുതി വകുപ്പിന്റെ 17-10-2012-ലെ9745/ഇ2/2012/ നി.വ. നമ്പർ കത്ത്

1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ വ്യവസ്ഥപ്രകാരം ഉപയോഗിക്കാത്ത മുദ്രപ്പത്ര വില വകവെച്ചു കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ആറ് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി നിയമത്തിലും ബന്ധപ്പെട്ട മുദ്രപ്പത്രചട്ടങ്ങളിലും ഉപയോഗിക്കാത്ത മുദ്രപ്പത്രത്തിന്റെ വില വകവെച്ചുകിട്ടുന്നതിനായുള്ള അപേക്ഷ 6 മാസത്തിനകം സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായുള്ള വ്യവസ്ഥകൾ ഒന്നും തന്നെയില്ലാത്തതാണെന്നും, നിയമവ്യവസ്ഥയെക്കുറിച്ച് അറിവില്ലെന്ന കാരണത്താൽ 6 മാസപരിധി കഴിഞ്ഞും റീഫണ്ടിനുള്ള ധാരാളം അപേക്ഷകൾ ലഭിച്ചു വരുന്നുണ്ടെന്നും സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഉപയോഗിക്കാത്ത മുദ്രപ്പത്രത്തിന്റെ വില റീഫണ്ടിനായുള്ള അപേക്ഷ 6 മാസത്തിനുള്ളിൽ ബന്ധപ്പെട്ട തഹസിൽദാർ/ആർ.ഡി.ഒ/ജില്ലാ കളക്ടർമാർക്ക് നൽകേണ്ടതാണെന്ന അറിയിപ്പ് മുദ്രപ്പത്രവിൽപ്പന നടത്തുന്ന എല്ലാ വെണ്ടർമാരും/എക്സ് ഒഫീഷ്യോ വെണ്ടർമാർ മുഖേന മുദ്രപ്പത്രം വാങ്ങുന്ന കക്ഷികൾക്ക് നൽകേണ്ടതാണ്. ഇതിനായി 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് സംബന്ധിച്ച് കക്ഷികൾക്ക് കാണത്തക്കവിധം കർശനമായും നോട്ടീസ് പ്രദർശിപ്പിക്കേണ്ടതാണെന്നുള്ള നിർദ്ദേശം എല്ലാ വെണ്ടർമാർക്കും / എക്സ്ഒഫീഷ്യോ വെണ്ടർമാർക്കും നൽകേണ്ടതാണ്.

Sd/-
**എസ്. ശ്രീകുമാർ**
**ട്രഷറി ഡയറക്ടർ**

*പകർപ്പ്*

*എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർക്കും*
*എല്ലാ സ്റ്റാമ്പ് ഡിപ്പോ ഓഫീസർക്കും*

*ഉത്തരവിൻപ്രകാരം*

13/3
*സൂപ്രണ്ട്*

h